**സു:റ 70**

(ജനുവരി 01-10)

**ഈ സമയവും കഴിഞ്ഞ് പോകും...**

തഅ്ലീം മാറ്റർ

**ക്ലാസ് വായനക്കാരൻ ശ്രദ്ധിക്കേണ്ടത്**

- ഈ ക്ലാസ് മാറ്റർ എല്ലാ അംഗങ്ങളും കേൾക്കെ കൺവീനർ വായിച്ചു കേൾപ്പിക്കണം.
- സദസിൽ വായിക്കുന്നതിന് മുമ്പ് ഒരാവർത്തി സ്വകാര്യ വായന നടത്തണം.
- എല്ലാവരും ശ്രദ്ധിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം.
- ഇരുന്നാണ് വായിക്കേണ്ടത്.
- വായന സൗമ്യവും വ്യക്തവും എല്ലാവർക്കും മനസ്സിലാവുന്ന തരത്തിലുമാവണം.
- മൊബൈൽ അൽപസമയം ഓഫ് ചെയ്യാൻ നിർദ്ദേശിക്കണം.
- ആവശ്യമായവർക്ക് ക്ലാസിന് ശേഷം നോട്ട് ചെയ്യാനുള്ള അവസരം നൽകണം.
- വായനക്ക് ശേഷമാണ് ദുആ നടത്തേണ്ടത്.

കാലങ്ങൾ കഴിയുന്നു... ദിവസങ്ങളോരോന്നും തീരുന്നു. ആയുസ്സത്രയും കൊഴിയുന്നു. രാപ്പകലുകൾ മാറിമറിയുന്നു. മുൻ നിശ്ചയമെന്ന പോലെ ചുറ്റുമുള്ള ഓരോന്നും അതിന്റെ തിരക്കിട്ട പ്രവർത്തനങ്ങളിൽ സജീവമാണ്. നമ്മളോ?...നമുക്ക് വല്ല മാറ്റവുമുണ്ടോ? അതവിടെയിരിക്കട്ടെ.

2020 ഒരു നശിച്ച കാലമായിരുന്നുവല്ലേ.. പ്രളയം, നിപ്പ, ദുരന്തങ്ങൾ, കോവിഡ്... അങ്ങിനെ നീളുന്നുണ്ട്... എന്നിട്ടും നമ്മൾ വല്ലതും പഠിച്ചോ... കാലത്തിനെ കുറ്റപ്പെടുത്തി നമ്മൾ തടിയൂരുന്നുവല്ലേ...അങ്ങിനെ കാലത്തെ കുറ്റപ്പെടുത്തരുതെന്ന് ഇമാം ശാഫിഈ (റ) പറയുന്നുണ്ട്. അതാതു കാലഘട്ടത്തിലെ ജനങ്ങളുടെ പ്രശ്നമാണിതിന്റെയെല്ലാം കാരണം. കാലത്തിനെന്തു പിഴച്ചു!.

പുതിയ വർഷം പിറന്നു. ഈ പിറവിയെ രണ്ട് തരത്തിൽ വായിക്കാം.
1. ജീവിതത്തിൽ ഒരു വർഷം കഴിഞ്ഞു. 2. മരണത്തിലേക്ക് ഒരു വർഷം അടുത്തു. രണ്ടും പ്രധാനമാണ്. കഴിഞ്ഞ കാലത്തെ കഴിവു കേടുകൾ പരിഹരിക്കലാണ് അടിയന്തിര പ്രസക്തിയോടെ ചെയ്യേണ്ടത്. ലഭിച്ച നന്മകൾക്ക് നന്ദി, ചെയ്ത തെറ്റിന് പശ്ചാത്താപം. വരാനിരിക്കുന്ന കാലത്തേക്ക് ഒരു കർമ്മപദ്ധതി, എല്ലാം രൂപപ്പെടണം. അലസമായി കഴിയേണ്ടവരല്ല നമ്മളെന്നറിയാമല്ലോ? ഇമാം തുർമുദി (റ) റിപ്പോർട്ട് ചെയ്യുന്ന ഹദീസ് വായിക്കാം... ശ്രദ്ധിച്ച് കേൾക്കുമല്ലോ?...

ഉമർ തങ്ങളെ ഖുതുബയിലെ പരാമർശമാണ് പ്രമേയം. നിങ്ങൾ വിചാരണ നാളിനു മുമ്പ് സ്വയം വിചാരണ ചെയ്യുക...സർവ്വ കാര്യങ്ങളും വിചാരണ ചെയ്ത് പരസ്യപ്പെടുത്തുന്ന ദിവസത്തിൽ അഭിമാന ക്ഷതമേൽക്കാതിരിക്കാൻ സ്വയം ശ്രദ്ധ പുലർത്തുക. പുതുവർഷത്തിൽ നമുക്കുള്ള സന്ദേശമാണിത്. അനാരോഗ്യകരമായ ചർച്ചകളിലും, ആവശ്യമില്ലാത്ത തർക്കങ്ങൾക്കും ചെവി കൊടുക്കുന്നവരിൽ നമ്മളുണ്ടാവരുത്. നമ്മുടെ സമയങ്ങൾ നന്മകൾക്ക് മാത്രം ചിലവിടാൻ എത്രമേൽ കഴിയുന്നുവോ അത്രയും നമ്മൾ വിജയിച്ചുവെന്നർത്ഥം. ഒരു വർഷം കഴിഞ്ഞുവെന്നതിന്റെ അർത്ഥം അത്ര തന്നെ നഷ്ടം വന്നുവെന്നു കൂടെയാണ്.

പോയ കാലത്തെ അനുഭവങ്ങളിൽ നിന്ന് പുതിയ പാഠങ്ങൾ ഉൾക്കൊണ്ട് ജീവിതത്തെ ക്രമപ്പടുത്താനുള്ള സുവർണാവസരമാണ്. ആയുസ്സിൽ നിർണായകമായ ഒരു ഘട്ടം പിന്നിടുന്നു. തിരിച്ചറിവോടെ അഭിമുഖീകരിക്കാൻ പുതുവർഷം മുന്നിൽ നിൽക്കുന്നു. വിവേകിയുടെ സമയങ്ങളോരോന്നും വിചാരണയുടേത് കൂടെയാവണമെന്നാണ് ഇസ്ലാമിക പക്ഷം. സമയത്തിന്റെ മൂല്യം, ജീവിതത്തിന്റെ നശ്വരത, ആയുസ്സിന്റെ ചെറുപ്പം, കടമകളുടെ വൈപുല്യം തുടങ്ങി നിർണായകമായ തിരിച്ചറിവുകളെ തട്ടിയുണർത്തേണ്ട സന്ദർഭമാണത്. ആയുസ് കാലം പരലോകത്ത് സുപ്രധാന ചോദ്യങ്ങളിലൊന്നാണ്. നമ്മുടെ പുതുവർഷം ആഘോഷങ്ങളുടേത് മാത്രമല്ല, ആത്മസംതൃപ്തിയുടെത് കൂടെയാണ്. ആലോചന കളിലൂടെ സ്വയം നവീകരിക്കാനുള്ളതാണ്. വിണ്ടു വിചാരം കൊണ്ട് കർമ്മകുശലത കൈവരിക്കാനാണ്. ഹസൻ ബസ്വരി (റ) പറയുന്നത് നോക്കൂ... ഓരോ പ്രഭാതവും പുലരുമ്പോൾ മനുഷ്യസമൂഹത്തോട് വിളിച്ചു പറയുമത്രെ. ഞാൻ പഴയതല്ല,പുതിയതാണ്. നിന്റെ കർമ്മങ്ങളുടെയെല്ലാം സാക്ഷിയാണ്. ഇനിയൊരിക്കലും ഞാൻ മടങ്ങി വരികയില്ല.

ഇക്കാര്യം ഖുർആൻ സൂറതുൽ അസ്റിലൂടെ അസന്നിഗ്ദമായി പറയുന്നുണ്ട്.പ്രഭാതത്തിന്റെ ആ വിളിയാളം കേൾക്കാനാവണം നമുക്ക്. നിശ്ചയദാർഢ്യത, ആത്മവിശ്വാസം, ആത്മപരിശോധന നടത്തുന്നതോടൊപ്പം സാമൂഹിക ഉത്തരവാദിത്വങ്ങളെ ഏറ്റെടുക്കുകയും ചെയ്യുകയാണ് വേണ്ടത്. ഓരോ പുതുവർഷവും ഒരു വയസ്സ് കൂടിയെന്നു മാത്രമല്ല,ശിഷ്ടകാലത്തിലെ ഒരു വർഷം കഴിഞ്ഞുവെന്നു കൂടെയാണ് പറയാൻ ശ്രമിക്കുന്നത്. കാലം സാക്ഷി പറയുന്ന കാലത്തേക്കുള്ള കരുതിവെപ്പാവണം ഈ പുതുവർഷവും. ഈവർഷം നമുക്കനുകൂലമാക്കിത്തരാൻ മനസ്സുരുകി പ്രാർത്ഥിക്കാം...